# യുയോമയം

**www.yuyomayasabha.com**

# 143 –ാം ആണ്ട് നവവത്സര സന്ദേശം

കന്നേറ്റി പൊതു ഏകഐക്യതയോട് ചേർന്ന സകലർക്കും എന്റെ വിശുദ്ധ ചുംബനം.

പ്രിയമുള്ളവരെ!

യുയോമയാബ്ദം 143 ആരംഭ ദിനമായ ആവിർ മോദം 1–ാം തിയതി ക്രിസ്താബ്ദം 2023–ന് ജനകാബ്ദം 143, ഒക്ടോബർ 2–ാം തിയതി 24–ാം വാരവൃത്തം 582–ാം ദിനം ശബ്ദവാര മാകയാൽ അന്നേദിവസം തിരുസഭയിലെ എല്ലാ ഭവനങ്ങളിലും തങ്ങളുടെ പ്രാപ്തി പ്രകാരമുള്ള വിരുന്നോടു കൂടി മഹാദൈവാരാധന നടത്തി തങ്ങളുടെ ജീവ ദശാംശങ്ങളെ സ്തോത്ര വഴിപാടായി തിരുമേശയിൽ സമർപ്പിച്ച് ആ തൃക്കൈയിൽ നിന്ന് വരുന്ന ഭക്ഷണപാനീയങ്ങളെകൊണ്ട് ആരോഗ്യപ്പെടുകയും വസ്ത്രത്താൽ അലങ്കരിച്ചു കൊള്ളുകയും ചെയ്യുവീൻ.

നസറയ്യനായ യേശുപുരാൻ അപ്പോസ്തോല ഐക്യതയിൽ പ്രതിഷ്ഠിച്ച തൻ ശരീരമായ മഹാ ദേവാലയത്തിന്റെ സകല പണികളും പൂർത്തീകരിച്ച് അവൻ തന്റെ പതിനായിരങ്ങളുമായി കന്നീറ്റി ഉണർവ് സഭയിൻ തിരുവപ്പമാം അഗ്നിമേഘത്തിൽ പ്രത്യക്ഷമായ ദിനമാണ് 1881 ഒക്ടോബർ 2. അന്നേ ദിവസം പരിശുദ്ധാത്മാവിന്റെ നാമം യുസ്തുസ് യോസേഫ് എന്നു വെളിപ്പെട്ടു. നിത്യനിയമവിശ്വാസികളായ യുയോമയന്മാരൊടൊപ്പം ലോകമൊക്കയും ഒക്ടോബർ 2 ഒരു അതിപരിശുദ്ധദിനമായി ആചരിക്കുന്നു.

നിത്യ നിയമ വിശ്വാസമനുസരിച്ച് മനുഷ്യനെ അവന്റെ വീഴ്ചയിൽ നിന്നും പൂർണമായി വീണ്ടെടുത്ത് അവനെ വീണ്ടും ഏദനിലാക്കിയിരിക്കുന്നു എന്നാണല്ലോ. അങ്ങനെ ഇപ്പോൾ ഏദനിൽ ആയിരിക്കുന്ന നാം വെയിൽ ആറുമ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ

നടക്കുന്ന കാലൊച്ച കേൾക്കുമ്പോൾ ഓടി ഒളിക്കേണ്ട അവസ്ഥയിലാണോ എന്ന് ശോധന ചെയ്യുവാൻ കൂടിയുള്ള ദിവസമാണ് ഒക്ടോബർ രണ്ട്. മത്തായിയുടെ സുവിശേഷം 5-ാം അധ്യായം 16-ാംവാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു. “അങ്ങനെ തന്നെ മനുഷ്യർ തങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ”. ഇവിടെ പറഞ്ഞിരിക്കുന്നത് നമ്മുടെ പ്രവർത്തികൾ നല്ലതായി കണ്ടിട്ട് ലോകത്തിലെ മനുഷ്യർ നമ്മുടെ ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള സാഹചര്യം നാം സൃഷ്ടിക്കേണം. എന്നാൽ നിത്യനിയമം അനുസരിച്ച് നാം നല്ലത് പ്രവർത്തിക്കുന്നതോടൊപ്പം ദിവസേന കർത്താവിന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെട്ടു മറുരൂപപ്പെട്ടു കൊണ്ടേയിരിക്കുന്നു. ഇതായിരുന്നു ദൈവത്തിന്റെ പദ്ധതി. തന്നെ മാത്രം ദൈവമെന്നറിഞ്ഞ് തന്റെ കൽപ്പനകൾ അനുസരിച്ച് ജീവിക്കുന്ന ഒരു വിശുദ്ധ ജനത്തെ ഉണ്ടാക്കുക. “നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ” എന്ന പ്രാർത്ഥനയുടെ ഫലമായി 1881 ഒക്ടോബർ രണ്ടിന് കരഗതമായതാണ് ഈ മഹാസന്തോഷം. ദൈവവും മനുഷ്യനും ഒന്നായി വാഴുന്ന ഈ മഹാസന്തോഷാനുഭവത്തെ ലോകത്തിന് കാണിച്ചുകൊടുക്കാൻ തക്കവണ്ണം ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. പുതുവത്സരത്തിലേക്ക് കടക്കുന്ന ഓരോ സഭയിൻ മക്കളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അങ്ങനെ നാം അനുഗ്രഹിക്കപ്പെട്ടവരായി മാറുമ്പോൾ “എന്നും ഇസ്രയേ-ലിന്നഭയംയാഹേ” എന്ന് പാടി പാടി പുകഴ്ത്തുവാൻ തക്കവണ്ണം ശ്രീചതുര്യാവാം മഹാദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

നിത്യജീവകൃപ നമ്മോടെല്ലാവരോടും കൂടെ എന്നും ഉണ്ടായിരിക്കുമാറാകട്ടെ

എന്ന്

സകലരുടെയും പാ പാദ
എൻ. ഒ. ജയദേവൻ ബോധകർ.



കന്നേറ്റിയിൽ നിന്നും
2023 സെപ്റ്റംബർ 12
142 ഋതം 11.